IndiaFirst
LIFE INSURANCE

**Publication: Mathrubhumi** **Date: Monday, 29th December, 2014**

**Edition: Kochi**



# സ്കൂൾകുട്ടികൾക്ക് 'ഹാപ്പി ഇന്ത്യ' കാമ്പയിനുമായി ഇന്ത്യ ഫസ്റ്റ് ലൈഫ് ഇൻഷുറൻസ്

**കൊച്ചി:** സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഇന്ത്യ ഫസ്റ്റ് ലൈഫ് ഇൻഷുറൻസ് സ്കൂൾകുട്ടികൾക്ക് അവസരമൊരുക്കുന്നു.

തിരഞ്ഞെടുക്കുന്ന 25 പദ്ധതികൾക്കായി പന്ത്രണ്ടര ലക്ഷം രൂപ ഗ്രാൻറ് അനുവദിക്കുമെന്ന് ചീഫ് മാർക്കറ്റിങ് ഓഫീസർ മോഹിത് രോച്‌ലാനി പറഞ്ഞു.

ആന്ധ്ര ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, ലീഗൽ ആൻഡ് ജനറൽ എന്നിവയുടെ സംയുക്ത സംരംഭമാണ് ഇന്ത്യ ഫസ്റ്റ് ലൈഫ് ഇൻഷുറൻസ്. 'ഹാപ്പി ഇന്ത്യ' കാമ്പയിൻ എന്ന പേരിലാണ് പരിപാടി.

പദ്ധതിയുടെ ആദ്യഘട്ടമായി രാജ്യത്തെ 500 സ്കൂളുകളിൽ നിന്ന് പദ്ധതികൾ ക്ഷണിച്ചു.

ആറ് മുതൽ പത്ത്‌വരെ ക്ലാസുകളിലെ കുട്ടികളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്. അതിൽ നിന്ന് മികച്ച 25 എണ്ണം തിരഞ്ഞെടുത്ത് കഴിഞ്ഞു. ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധർ ഇവർക്ക് മാർഗനിർദേശം നൽകും. ആവശ്യമായ ധനസഹായവും കമ്പനി നൽകും.

ഫിബ്രവരി ഏഴിന് മുംബൈയിൽ നടക്കുന്ന ചടങ്ങിൽ ഇവ അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം ലഭിക്കും.

25 അഞ്ച് പദ്ധതികൾക്കു വേണ്ടി പ്രവർത്തിച്ച കുട്ടികൾക്കും സർട്ടിഫിക്കറ്റുകൾ നൽകും. കമ്പനിയുടെ അഞ്ചാം വാർഷികം പ്രമാണിച്ചാണ് പദ്ധതി തുടങ്ങിയത്. വിജയകരമായ പദ്ധതികൾ പുസ്തകമാക്കുമെന്നും മോഹിത് രോച്‌ലാനി പറഞ്ഞു.

A Joint Venture of
Bank of Baroda Legal & General Andhra Bank